**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2464** **27-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2019-20-ൽ സംസ്ഥാനത്തെ 115 പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 1738 കോടി രൂപയായിരുന്നത് 2020-21-ൽ 6055 കോടി രൂപയിലേയ്ക്ക് വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | കോവിഡ് മഹാമാരിയെ തുടർന്ന് ആഗോള തലത്തിൽ തന്നെ വ്യവസായ ശാലകളിലെ ഉൽപാദനം കുറയുകയുണ്ടായി. അത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെയും സാരമായി ബാധിച്ചു. പ്രസ്തുത സാഹചര്യം സ്ഥാപനങ്ങളെ നഷ്ടത്തിലാക്കി. |
| (സി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനായി സ്ഥാപനങ്ങളെ ഏഴ് സെക്ടറായി തിരിച്ച് നവീകരണത്തിനായുള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹ്രസ്വം, ഇടത്തരം, ദീർഘകാലം എന്നിങ്ങനെ മൂന്നു കാലയളവുകളിലായാണ് ഇത് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിദ്ധ്യവൽകരണത്തിനും വിപുലീകരണത്തിനുമായി വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുള്ള മാസ്റ്റർ പ്ലാനാണ് പരിഗണനയിലുള്ളത്. ഹ്രസ്വകാല പദ്ധതികൾ അടുത്ത രണ്ടു വർഷത്തിനുള്ളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖല ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ |

വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പ വരുത്തുന്നതിനു വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായ കയർ കശുവണ്ടി മേഖലയിൽപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസം തോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ ആധാരമാക്കി കമ്പനികളുടെ ഓരോ മാസത്തെയും പ്രവർത്തന പുരോഗതിയുടെ അവലോകനം വിവിധ തലത്തിൽ നടത്തിവരുന്നു. അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരെ ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്

| | | | | |
|---|---|---|---|---|
| | | | | സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്. ഇത് സംബന്ധിച്ച പുരോഗതി ഉന്നത തലത്തിൽ വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ കമ്പനികൾക്ക് നൽകിവരുന്നു.<br><br>കൂടാതെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു പൊതുവായ ശമ്പള/വേതന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകൾ അംഗീകാരിച്ചുകൊണ്ട് ധനകാര്യ വകുപ്പ് സ.ഉ(അച്ചടി)നം.131/2022/ധന., തീയതി 29.10.2022 പ്രകാരമുള്ള ഉത്തരവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സ്കോർ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങൾ ആക്കി തരം തിരിക്കുകയും ഡയമണ്ട്/ ഗോൾഡ്/ സിൽവർ/ ബ്രോൺസ് എന്നിങ്ങനെ ബ്രാൻഡ് ചെയ്യുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണ് അവലംബിച്ചിരിക്കുന്നത്. ഇപ്രകാരം നിശ്ചയിച്ച നൽകുന്ന സ്കോർ നിശ്ചിത ഇടവേളകളിൽ പുനഃപരിശോധിക്കുകയും, പുനർ നിർണയിക്കുകയും ചെയ്യുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു അംഗീകാരം എന്ന നിലയിലാണ് ഈ വ്യവസ്ഥ കൊണ്ടു വന്നിരിക്കുന്നത്. നഷ്ടത്തിലായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും ഈ നടപടികൾ കൊണ്ട് സാധിക്കും. |

സെക്ഷൻ ഓഫീസർ